# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 246** **28/11/2018-ൽ മറുപടിക്ക്**

### പ്രളയത്തിനുശേഷം പടർന്നുപിടിച്ച പകർച്ചവ്യാധികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ**<br>**,, എം.ഉമ്മർ**<br>**,, അബ്ദുൽ ഹമീദ് പി.**<br>**,, പി.കെ.ബഷീർ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) | |
| എ) | പ്രളയത്തിനുശേഷം സംസ്ഥാനത്ത് എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ജാപ്പനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ വ്യാപകമായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | എ) | എലിപ്പനി, ഡെങ്കിപ്പനി, മലേറിയ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, ജാപ്പനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും എലിപ്പനി ഒഴികെയുള്ള രോഗങ്ങൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവായിരുന്നു. എലിപ്പനി മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലായി റിപ്പോർട്ട് ചെയ്തിരുന്നു. |
| ബി) | ഇത്തരം രോഗങ്ങൾ പടരുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) | പ്രളയാനന്തരം രോഗങ്ങൾ പടരുന്നത് തടയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം 18/08/2018 ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തനം ആരംഭിക്കുകയും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ, ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൺട്രോൾ റൂം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പകർച്ചവ്യാധി നിയന്ത്രണം, വൈദ്യസഹായം എത്തിക്കൽ, മരുന്നും ഉപകരണങ്ങളും എത്തിക്കൽ തുടങ്ങിയവയ്ക്ക് പ്രത്യേക ടീമിന് രൂപം നൽകി. 24 മണിക്കൂറും ദുരിത ബാധിതർക്ക് അധികൃതരുമായി ബന്ധപ്പെടുന്നതിനായി കൺട്രോൾ റൂമിന്റെ ടോൾ ഫ്രീ നമ്പറും, ടെലിഫോൺ നമ്പറും, എല്ലാ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളിലേയ്ക്ക് എത്തിച്ചു.<br>കൂടാതെ 10 ജില്ലകളിലെ 244 പഞ്ചായത്തുകളിലും താല്കാലിക പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സജ്ജമാക്കി. സംസ്ഥാനത്തെ 6 മെഡിക്കൽ കോളേജുകളിൽ നിന്നായി 244 ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികൾ, താല്കാലിക നഴ്സുമാർ, |

ഫീൽഡ് ജീവനക്കാർ എന്നിവരെയും നിയമിക്കുകയും ഇവർക്ക് പ്രാഥമികാരോഗ്യ പരിചരണം ഐ.ഡി.എസ്.പി റിപ്പോർട്ടിംഗ് എന്നിവയിൽ പരിശീലനം നൽകുകയും ചെയ്തു. ഓരോ പ്രദേശങ്ങളിലേയും പ്രാഥമിക/സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ അതാത് പ്രദേശങ്ങളിലെ പകർച്ചവ്യാധി നിയന്ത്രണവും നിരീക്ഷണവും ഉറപ്പുവരുത്തി. ഓരോ താല്ക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 1,30,000/- രൂപയുടെ മരുന്നുകളും അത്യാവശ്യ ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ലഭ്യമാക്കി 244 താല്ക്കാലിക പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി 72754 ഒ.പി.കൾ പ്രവർത്തിച്ചു

പകർച്ചവ്യാധി നിയന്ത്രണത്തിനായി ഒരു പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും ദുരിതം ബാധിച്ചതിന്റെ തോത് കണക്കാക്കി പ്രദേശങ്ങളെ തരംതിരിച്ച് പകർച്ചവ്യാധി തടയുന്നതിന് അധിക ഫണ്ട്, പരിശീലനം നേടിയ ജീവനക്കാർ, വാഹനം എന്നിവ ലഭ്യമാക്കി. ഓരോ ജില്ലയിലേയും ജലജന്യ/വായുജന്യ/കൊതുക് ജന്യ രോഗങ്ങൾ തുടങ്ങിയവ നിരീക്ഷിച്ച് രോഗബാധിതരുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കി ആയത് സ്റ്റേറ്റ് സെല്ലിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ ദിവസേന രണ്ട് തവണ അവലോകനയോഗം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. എല്ലാ ക്യാമ്പുകളിലും എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ, ജലസ്രോതസ്സുകളുടെ സൂപ്പർ ക്ലോറിനേഷൻ എന്നിവ ഉറപ്പാക്കി മെഡിസിൻ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു.

പ്രളയാനന്തരം കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് എലിപ്പനിയാണ്. എലിപ്പനി പ്രതിരോധിക്കുന്നതിനായി സംയോജിത രോഗനിരീക്ഷണ പരിപാടി വഴി എലിപ്പനി സംശയിക്കുന്നവരെ ദിവസേന കണ്ടെത്തി രോഗ സ്ഥിരീകരണം നടത്തുവാനും,

ചികിത്സാ മാർഗ്ഗ രേഖകൾക്കനുസൃതമായി ചികിത്സ ലഭ്യമാക്കുവാൻ സർക്കാർ ആശുപത്രികളെ സജ്ജമാക്കി. ഇതിനായി ചികിത്സാ മാർഗ്ഗരേഖ ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സർക്കാർ/സ്വകാര്യ ഡോക്ടർമാർക്കും, ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകി.

മണ്ണുത്തിയിലെ വെറ്റിനറി & ആനിമൽ സയൻസ് കോളേജിന്റെ സഹായത്തോടെ 'മാറ്റ്' ടെസ്റ്റ് നടത്തി എലിപ്പനി പരത്തുന്ന ജന്തുക്കളെ കൃത്യമായി കണ്ടെത്തുന്നതിനും രോഗബാധയുണ്ടാവാൻ കൂടുതൽ സാധ്യതയുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെയും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരേയും കണ്ടെത്തി അവർക്ക് ആവശ്യമായ ബോധവത്കരണവും പ്രതിരോധ ചികിത്സയും നൽകി.

**സി)** സംസ്ഥാനത്ത് എലിപ്പനി മരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തത് ഏതെല്ലാം ജില്ലകളിലാണ്;

**സി)** തിരുവനന്തപുരം (9), കോഴിക്കോട് (8), പാലക്കാട് (4), പത്തനംതിട്ട (6), കൊല്ലം (5), തൃശ്ശൂർ (5) എന്നീ ജില്ലകളിലാണ് എലിപ്പനിമരണം സ്ഥിരീകരിച്ചിട്ടുള്ളത്.

**ഡി)** ഈ രോഗങ്ങൾ പൂർണ്ണമായും തുടച്ചുനീക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

**ഡി)** സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി രണ്ടായിരത്തി ഇരുപതോടുകൂടി മലമ്പനി, കരിമ്പനി, മന്ത്, കുഷ്ഠം, ക്ഷയം എന്നീ രോഗങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മറ്റ് രോഗങ്ങൾ നിയന്ത്രിച്ച് അവയുടെ വ്യാപ്തി കുറയ്ക്കുവാനായി വാർഡ് തല / ശുചിത്വ സമിതി / ആരോഗ്യ സേന എന്നിവയുടെ പങ്കാളിത്തത്തോടെ ഇതര വകുപ്പുകളുമായി സഹകരിച്ച് ആരോഗ്യ ജാഗ്രതാ പരിപാടി 2018 മുതൽ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**